**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

# <u>2016 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള</u>

# <u>രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്</u>
# <u>ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബ്ബന്ധമാണ്</u>

2016-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **05.07.2016** ന് ആരംഭിക്കുന്നതാണ്. **<u>രണ്ടാം ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകൾക്കുപുറമെ എം.ബി.ബി.എസ്, ബി.ഡി.എസ്, മറ്റു മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേയ്ക്ക് കൂടി അലോട്ട്മെന്റ് നടത്തുന്നതാണ്.</u>** നിലവിലെ ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **05.07.2016** മുതൽ **09.07.2016**, **8 pm** വരെ ലഭ്യമാകുന്നതാണ്. **09.07.2016**, **8 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **10.07.2016** ന് വൈകുന്നേരം രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **11.07.2016** മുതൽ **15.07.2016** വരെയുള്ള തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈനായോ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **15.07.2016 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**രണ്ടാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 05.07.2016 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 09.07.2016 (8 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **10.07.2016** | **രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 11.07.2016 to 15.07.2016 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിലോ, ഓൺലൈനായോ ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 15.07.2016 (5 pm) | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കണം. |

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വരെ ഒരു കാരണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**. ഇവരുടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ വിഭാഗത്തിലുള്ള ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ നിശ്ചിത തീയതിയ്ക്കകം ഫീസ് അടച്ചിട്ടുള്ള പക്ഷം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ താഴെപറയുന്ന കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| നം. | കോളേജുകൾ | അനുബന്ധം |
|---|---|---|
| 1. | സർക്കാർ മെഡിക്കൽ കോളേജുകൾ | I |
| 2. | സർക്കാർ ഡന്റൽ കോളേജുകൾ | II |
| 3. | അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ | III |
| 4. | വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകൾ | IV |
| 5. | ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകൾ | V |
| 6. | പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് | VI |
| 7. | പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകൾ | VII |

| ഫീസ് ഘടന | |
|---|---|
| **എം.ബി.ബി.എസ്** | |
| സർക്കാർ മെഡിക്കൽ കോളേജുകൾ | **25,000/- രൂപ** |
| **ബി.ഡി.എസ്** | |
| **സർക്കാർ ഡന്റൽ കോളേജുകൾ** | **23,000/- രൂപ** |

| അഗ്രികൾച്ചർ | | |
|---|---|---|
| **അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | ബി.എസ്.സി (Hons)അഗ്രികൾച്ചർ<br>ബി.എസ്.സി (Hons) ഫോറസ്ട്രി | **9,900/- രൂപ**<br>(Per Semester Tuition Fee) |
| **വെറ്ററിനറി & അനിമൽ സയൻസ്** | | |
| **വെറ്ററിനറി യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | ബി.വി.എസ്.സി & എ.എച്ച് | **12,870**/- രൂപ<br>(Per Semester Tuition Fee) |
| **ഫിഷറീസ്** | | |
| **ഫിഷറീസ് & ഓഷ്യൻ സയൻസ് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | ബി.എഫ്.എസ്.സി | **5,500/- രൂപ** |

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1,000/- രൂപ** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കേണ്ടതാണ്.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.

***<u>കുറിപ്പ്: വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 08.07.2016 ന് വൈകുന്നേരം 05.00 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ടുമെന്റിനായി പരിഗണിക്കുന്നതല്ല.</u>***

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിലും സിറ്റിസൺ കാൾസെന്ററിന്റെ **155300, 0471-2115054, 2115098, 2335523** എന്നീ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
04.07.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**

## Annexure -I
## List of Government Medical Colleges

| | | |
|---|---|---|
| 1 | ALP | T D Medical College, Alappuzha |
| 2 | CMC | Govt. Medical College, Ernakulam |
| 3 | KKM | Govt. Medical College, Kozhikode |
| 4 | KTM | Govt. Medical College, Kottayam |
| 5 | MLP | Govt. Medical College, Manjeri, Malappuram |
| 6 | PKM | Govt. Medical College, Palakkad |
| 7 | TCM | Govt. Medical College, Thrissur |
| 8 | TVM | Govt. Medical College, Thiruvananthapuram |

## Annexure -II
## List of Government Dental Colleges

| | | |
|---|---|---|
| 1 | ALD | Govt. Dental College, Alappuzha |
| 2 | KKD | Govt. Dental College, Kozhikkode |
| 3 | KTD | Govt. Dental College, Kottayam |
| 4 | TCD | Govt. Dental College, Thrissur |
| 5 | TVD | Govt. Dental College, Thiruvananthapuram |

## Annexure -III
## List of Colleges Under Agricultural University

| | | |
|---|---|---|
| 1 | COA | College of Agriculture, Vellayani P O, Thiruvananthapuram – 695 522 |
| 2 | COH | College of Horticulture, Vellanikkara, KAU P O, Thrissur – 680 656 |
| 3 | CON | College of Agriculture, Padannakkad P O, Kasaragod – 671 328 |
| 4 | COR | College of Forestry, Vellanikkara, KAU P O, Thrissur – 680 656 |

## Annexure - IV
## List of Colleges Under Kerala Veterinary & Animal Sciences University

| | | |
|---|---|---|
| 1 | TCV | College of Veterinary and Animal Sciences, Mannuthy P O, Thrissur - 680651 |
| 2 | WYV | College of Veterinary and Animal Sciences, Lakkidi P O, Pookot, Wayanad – 673 576 |

## Annexure - V
### College Under Kerala University Of Fisheries & Ocean Studies

| | | |
|---|---|---|
| 1 | COF | College of Fisheries, N H Bye-pass Road, Panangad P O, Ernakulam - 682 506 |

## Annexure - VI
## Newly included Private Self-financing EngineeringCollege

| | | |
|---|---|---|
| 1 | ECE | Sree Ernakulathappan College of Engineering & Management, Muppliyam, Mukundapuram,Thrissur |

## Annexure - VII
## Newly included Private Self-financing Architecture Colleges

| | | |
|---|---|---|
| 1 | NCR | Nehru College of Architecture, Lakkidi, Mangalam, Palakkad |
| 2 | TIR | Talent Institute of Architecture, Mudur, Edappal, Malappuram |